# ഇഞ്ചോടിഞ്ചു പോരാട്ടത്തിനു കളമൊരുങ്ങി

# നെഹ്റു ട്രോഫി ചുണ്ടൻ വള്ളങ്ങളുടെ ഫൈനൽ ഹീറ്റ്സിലെ കുറഞ്ഞ ഫിനിഷിങ് സമയമനുസരിച്ച്

## - ട്രാക്കുകൾ വർധിപ്പിക്കില്ല
## - റേസ് കോഴ്സിന്റെ നീളം 1175 മീറ്ററായി കുറയ്ക്കും

നെഹ്റു ട്രോഫി ജലമേളയിൽ കടുത്ത മത്സരത്തിന് വഴിയൊരുക്കി ചുണ്ടൻ വള്ളങ്ങളുടെ മത്സരഘടന മാറ്റി. ഹീറ്റ്സുകളിൽ ഏറ്റവും കുറഞ്ഞ സമയം കൊണ്ട് ഫിനിഷ് ചെയ്യുന്ന വള്ളങ്ങളെ ഉൾപ്പെടുത്തി ചുണ്ടൻ വള്ളങ്ങളുടെ ഫൈനൽ മത്സരങ്ങൾ നടത്താൻ നെഹ്റു ട്രോഫി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചു. കളക്ടറേറ്റിൽ ധനമന്ത്രി ഡോ. റ്റി.എം. തോമസ് ഐസകിന്റെ സാന്നിധ്യത്തിൽ നടന്ന യോഗത്തിലാണ് തീരുമാനം.

മുൻ എം.എൽ.എ.മാരായ സി.കെ. സദാശിവൻ, കെ.കെ. ഷാജു എന്നിവരുടെ നേതൃത്വത്തിലുള്ള ഏഴംഗ വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് ഏകകണ്ഠമായി അംഗീകരിച്ചാണ് ചുണ്ടൻ വള്ളങ്ങളുടെ മത്സരഘടന മാറ്റാൻ തീരുമാനിച്ചത്. ഹീറ്റ്സ് മത്സരങ്ങളിൽ ഏറ്റവും കുറവു സമയമെടുത്ത് ഫിനിഷ് ചെയ്ത ആദ്യ നാലു വള്ളങ്ങളെ ഫൈനലിൽ മത്സരിപ്പിക്കും. തുടർന്ന് കുറഞ്ഞ സമയങ്ങളിൽ ഫിനിഷ് ചെയ്ത ക്രമത്തിൽ നാലു വള്ളങ്ങളെ വീതം ഉൾപ്പെടുത്തി ലൂസേഴ്സ്, സെക്കന്റ് ലൂസേഴ്സ്, തേഡ് ലൂസേഴ്സ് ഫൈനൽ മത്സരങ്ങൾ നടത്തും. രജിസ്റ്റർ ചെയ്ത എല്ലാ ചുണ്ടൻ വള്ളങ്ങളെയും ഹീറ്റ്സിൽ മത്സരിപ്പിക്കും.

മുമ്പ് ഹീറ്റ്സ് മത്സരങ്ങളിൽ ഒന്നാമതെത്തുന്ന വള്ളങ്ങളാണ് ഫൈനലിൽ മത്സരിക്കുക. ഹീറ്റ്സുകളിൽ രണ്ട്, മൂന്ന്, നാല് സ്ഥാനങ്ങളിലെത്തുന്ന വള്ളങ്ങളാണ് യഥാക്രമം ലൂസേഴ്സ്, സെക്കന്റ് ലൂസേഴ്സ്, തേഡ് ലൂസേഴ്സ് ഫൈനൽ മത്സരങ്ങളിൽ മാറ്റുര ച്ചിരുന്നത്. സമയം അടിസ്ഥാനപ്പെടുത്തുമ്പോൾ ഹീറ്റ്സുകളിൽ ഒന്നാമതെത്തിയതുകൊണ്ടു മാത്രം വള്ളം ഫൈനൽ കാണണമെന്നില്ല. ഹീറ്റ്സുകളിൽ മികച്ച സമയമെടുത്ത് ഫിനിഷ് ചെയ്യുന്ന നാലു വള്ളങ്ങളാകും ഫൈനലിൽ മാറ്റുരയ്ക്കുക. സമയം അടിസ്ഥാനപ്പെടുത്തുമ്പോൾ മത്സരം വാശിയേറിയതാകും.

മത്സരം നടക്കുന്ന റേസ് കോഴ്സിന്റെ നീളം 1175 മീറ്ററായി കുറയ്ക്കാൻ തീരുമാനിച്ചു. മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിന് ഫിനിഷിങ് പോയിന്റ് നിലവിലുള്ള സ്ഥലത്തുനിന്ന് 25 മീറ്റർ പുറകോട്ട്(വടക്കോട്ട്) മാറ്റിയും സ്റ്റാർട്ടിങ് പോയിന്റ് 30 മീറ്റർ മുന്നോട്ട് (തെക്കോട്ട്) മാറ്റിയും സ്ഥാപിക്കും. ട്രാക്കുകളുടെ എണ്ണം നാലായി തന്നെ നിലനിർത്താൻ യോഗം തീരുമാനിച്ചു. ട്രാക്കുകളുടെ

വീതി 10 മീറ്ററായി നിലനിർത്തും. മത്സരങ്ങളിൽ പങ്കെടുക്കുന്ന വള്ളങ്ങളുമായോ ക്ലബുകളുമായോ ബന്ധമില്ലാത്ത വിദഗ്ധരെ മാത്രമേ ചീഫ് സ്റ്റാർട്ടർ, സ്റ്റാർട്ടേഴ്സ്, ചീഫ് അമ്പയർ, അമ്പയേഴ്സ്, ചീഫ് ടൈമർ, ടൈമേഴ്സ് തുടങ്ങിയ ഒഫീഷ്യൽസായി നിയോഗിക്കൂ.

അടുത്തവർഷം മുതൽ വള്ളങ്ങൾ ഫിനിഷ് ചെയ്യുന്ന സമയം രേഖപ്പെടുത്താൻ ഇലക്ട്രോണിക് ഡിജിറ്റൽ സംവിധാനം നടപ്പാക്കും. വള്ളങ്ങളുടെ സ്റ്റാർട്ടിങ് അറിയുന്നതിന് ഫോൺ സംവിധാനത്തിനു പുറമേ സിഗ്നൽ ലൈറ്റും സൈറണും ഫിനിഷിങ് പോയിന്റിൽ സ്ഥാപിക്കും. മത്സരങ്ങളിൽ ഫിനിഷ് ചെയ്യാൻ വള്ളങ്ങളെടുത്ത സമയം കാണികൾക്ക് അറിയാൻ ഡിജിറ്റൽ സ്കോർ ബോർഡുകൾ ഇരുകരകളിലും സ്ഥാപിക്കും. മാസ് ഡ്രില്ലിൽ പങ്കെടുക്കാത്ത വള്ളങ്ങൾക്കും വൈകിയെത്തുന്ന വള്ളങ്ങൾക്കും ബോണസ് തുകയിൽ കുറവു വരുത്തും. സ്റ്റാർട്ടിങ് പോയിന്റിൽ മത്സരത്തിനു മുമ്പായി തേർഡ് കോൾ അനൗൺസ് ചെയ്ത് മൂന്നു മിനിട്ടിനകം ട്രാക്കിൽ അണിനിരക്കാത്ത വള്ളങ്ങളുടെ ബോണസ് കുറയ്ക്കും. മൂന്നു മിനിട്ടിനകം വള്ളം ട്രാക്കിൽ നിലയുറപ്പിച്ചില്ലെങ്കിൽ മത്സരത്തിൽനിന്ന് ഒഴിവാക്കും. സ്റ്റാർട്ടറുടെ നിർദേശങ്ങൾ പാലിച്ചില്ലെങ്കിൽ ബോണസ് കുറയ്ക്കുകയും ക്യാപ്റ്റനും ക്ലബിനുമെതിരേ നടപടി സ്വീകരിക്കുകയും ചെയ്യും. വിദഗ്ധ സമിതി റിപ്പോർട്ട് യോഗം ചർച്ച ചെയ്താണ് അംഗീകരിച്ചത്.

63-ാമത് നെഹ്റു ട്രോഫി മത്സരത്തിന്റെ ഭാഗമായുള്ള വള്ളങ്ങളുടെ മെയിന്റനൻസ് ഗ്രാന്റ് നൽകാൻ നടപടി സ്വീകരിക്കുമെന്ന് യോഗത്തിൽ ആധ്യക്ഷ്യം വഹിച്ച എൻ.റ്റി.ബി.ആർ. സൊസൈറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ ആർ. ഗിരിജ പറഞ്ഞു. ബോണസിൽ ആനുപാതികമായ വർധന ഉണ്ടാകും. വിവിധ സബ്കമ്മിറ്റികളുടെ നേതൃത്വത്തിൽ നടക്കുന്ന പരിപാടികൾ സംബന്ധിച്ച് കൺവീനർമാർ റിപ്പോർട്ട് അവതരിപ്പിച്ചു. പന്തലിന്റെയും പവിലിയന്റെയും കാൽനാട്ടു കർമം ജൂലൈ 27നു രാവിലെ 9.30നു നടക്കും. സൊസൈറ്റി സെക്രട്ടറിയായ ആർ.ഡി.ഒ. ഇ. സുബൈർ കുട്ടി, എ.ഡി.എം. എം.കെ. കബീർ, നഗരസഭാ ചെയർമാൻ തോമസ് ജോസഫ്, മുൻ എം.എൽ.എ.മാരായ സി.കെ. സദാശിവൻ, എ.എ. ഷുക്കൂർ, കെ.കെ. ഷാജു, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

(പി.എൻ.എ. 1324/16)